<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909</u> <u>07-12-2022 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സൗകര്യം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ ജോലികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഭാഷാപഠനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ അറിയിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഭാഷാപഠനത്തിന് 100 പേർക്ക് IELTS പരിശീലനവും 100 പേർക്ക് OET പരിശീലനവും നൽകുന്നതിനായി 79,50,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | എത്ര വിദ്യാർത്ഥികൾക്ക് ഈ വർഷം പ്രസ്തുത സൗകര്യം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഭാഷാപഠനത്തിന് 100 പേർക്ക് IELTS പരിശീലനവും 100 പേർക്ക് OET പരിശീലനവും നൽകുന്നതിനായി 79,50,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | വകുപ്പ് നേരിട്ട് സെന്ററുകളിലൂടെ പരിശീലനം ഏർപ്പെടുത്തിയിരിക്കുകയാണോ അതോ സ്വകാര്യ സെന്ററുകളിൽ പരിശീലനം തേടുന്നതിന് ഗ്രാന്റ് അനുവദിക്കുകയാണോ ചെയ്യുന്നതെന്ന് അറിയിക്കാമോ; | (സി) | പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ പരിശീലനത്തിനായി സംസ്ഥാന സർക്കാരിനു കീഴിലെ ODEPC മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പരിശീലനത്തിനായി സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുത്തി വകുപ്പ് നേരിട്ട് ഭാഷാപരിശീലന | (ഡി) | എല്ലാ ജില്ലകളിലും തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുത്തി വകുപ്പ് നേരിട്ട് ഭാഷാപരിശീലന |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ